ഉത്തരം

(എ) രണ്ടായിരത്തി ഇരുപത്തി മൂന്ന് മുറികളുണ്ട്.

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തന്നെയാണ്.

(ഡി) നിർദ്ദേശം നൽകിയിട്ടുള്ളതായി സർക്കാരിൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

ആശുപത്രികളിൽ ജീവനക്കാരുടെ അഭാവം

144 (876) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻബാബു :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവംമൂലം സുഗമമായ ആശുപത്രി പ്രവർത്തനം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എച്ച്.ഡി.സി.ഫണ്ടിൽ നിന്നും ശമ്പളം നൽകി താൽക്കാലിക നഴ്സുമാരെ നിയമിക്കുന്നത് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവുമൂലം തടയപ്പെട്ട സാഹചര്യത്തിൽ ആശുപത്രി പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോട്ടയം മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി. ഫണ്ടിൽ നിന്നും ശമ്പളം നൽകി താൽക്കാലിക നഴ്സുമാരെ നിയമിച്ചിട്ടുണ്ട് എന്ന് ഡി.എച്ച്.എസ്. അറിയിച്ചിട്ടുണ്ട്. ചില ജില്ലകളിൽ ബോണ്ടഡ് ഉദ്യോഗാർത്ഥികൾ ഉള്ളതിനാൽ അവരുടെ സേവനം വിനിയോഗിച്ചുവരുന്നു.

ജില്ലാ ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

145 (877) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ അറിയിക്കാമോ ;

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള തസ്തികകൾ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ലെങ്കിൽ കാസർഗോഡ് ജില്ലാ ആശുപത്രിയിൽ ഈ പാറ്റേൺ പ്രകാരം തസ്തികകൾ അനുവദിക്കാതിരിക്കാൻ കാരണം എന്താണെന്നും പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കാമോ ?

ഉത്തരം

(എ) - സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സ്റ്റാഫ് പാറ്റേൺ താഴെ കൊടുക്കുന്നു.

കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ	4	
(ട്രോമാ കെയർ യൂണിറ്റ്) ഡോക്ടർമാർ ഫിസിഷ്യൻ	3 യൂണിറ്റ്	
സർജൻ	3	"
ഗൈനക്കോളജിസ്റ്റ്	3	"
പീഡിയാട്രീഷ്യൻ	3	"
ഓർത്തോപീഡിക് സർജൻ	2	"
ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ്	2	"
ഓപ്താൽമോളജിസ്റ്റ്	2	"
സൈക്യാട്രിസ്റ്റ്	2	"
ഡെർമറ്റോളജിസ്റ്റ്	2	"
അനസ്തേഷ്യോളജിസ്റ്റ്	2	"
റേഡിയോളജിസ്റ്റ്	1	"
ഡെന്റൽ സർജൻ	2	"
ഫിസിക്കൽ മെഡിസിൻ ആന്റ്		
റിഹാബിലിറ്റേഷൻ സ്പെഷ്യലിസ്റ്റ്		
(പീഡിയാട്രിസ്റ്റ്)	1	"
ഫോറൻസിക് മെഡിസിൻ		
(പോലീസ് സർജൻ)	1	"

LIBRARY ARCHIVES Kerala Legislative Assembly

സൂപ്പർ സ്പെഷ്യാലിറ്റി

ന്യൂറോ മെഡിക്കൽ പ്ലാസ്റ്റിക് സർജറി ന്യൂറോ സർജിക്കൽ കാർഡിയോളജി	ഒരു ജൂനിയർ സ്പെഷ്യാലിസ്റ്റ്
ഗ്യാസ്ട്രോ മെഡിസിൻ ജെനിറ്റോ യൂറിനറി സർജറി	കൺസൾട്ടന്റ് ഒരോന്നിനും
ബ്ലഡ് ബാങ്ക് മെഡിക്കൽ ആഫീസർ (ക്ലിനിക്കൽ പത്തോളജിസ്റ്റ്)	1 യൂണിറ്റ്

(ബി) ഇല്ല.

(സി) കാസർഗോഡ് ജില്ലാ ആശുപത്രിയുടെ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടില്ല. മാത്രമല്ല, സർക്കാരിന്റെ സാമ്പത്തിക പരാധീനതമൂലം ആവശ്യത്തിന് തസ്തികകൾ സൃഷ്ടിച്ചിട്ടുമില്ല. തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക ഭ്രേതയ്ക്കനുസരിച്ച് പരിശോധിക്കാം.

ഡോക്ടർ, നേഴ്സ്, മറ്റ് വിഭാഗം ജീവനക്കാർ എന്നിവരുടെ അനുവദിക്കപ്പെട്ട പോസ്റ്റുകൾ

148 (879) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് സി.എച്ച്.സി., ആലപ്പാട് സി.എച്ച്.സി. എന്നിവിടങ്ങളിൽ ഡോക്ടർ, നേഴ്സ്, മറ്റ് വിഭാഗം ജീവനക്കാരുടെ അനുവദിക്കപ്പെട്ട പോസ്റ്റുകൾ എത്ര ; ടി പോസ്റ്റുകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ചേർപ്പ് സി.എച്ച്.സിയിൽ കൂടുതൽ വിദഗ്ദ്ധ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ആലപ്പാട് സി.എച്ച്.സി.യിൽ നിലവിലുള്ള 5 ഡോക്ടർമാരുടെ തസ്തികകളിൽ ഒരു പോസ്റ്റിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ;

(ഡി) ചേർപ്പ് സിഎച്ച്സി., ആലപ്പാട് സിഎച്ച്സി. എന്നിവിടങ്ങളിൽ പണി പൂർത്തിയാക്കിയ ആർ. സി. എച്ച്. ബ്ലോക്കുകളിൽ പ്രവർത്തനം ആരംഭിക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത ആശുപത്രികളിൽ പ്രസവസംബന്ധമായ ശസ്ത്രക്രിയകൾ നടത്തുന്നതിന് വേണ്ട സൗകര്യം ഏർപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ ;

(എഫ്) തൃശൂർ ജില്ലയിൽ ഗൈനക്കോളജി വിഭാഗത്തിൽ എത്ര ഡോക്ടർമാരുണ്ട് ; ഏതൊക്കെ ആശുപത്രികളിലാണ് ഇവർ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ;

(ജി) വല്ലച്ചിറ പി.എച്ച്.സി., വാരള, പി.എച്ച്.സി., അവണിശ്ശേരി പി.എച്ച്.സി. കുർക്കഞ്ചേരി പി.എച്ച്.സി. എന്നിവിടങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly